# യുവജനലോകം

ഏപ്രിൽ 2026



എന്റെ ജനങ്ങളുടെ കണ്ണുനീരും വേദനയും
തുടയ്ക്കാൻ നിനക്കുവേണ്ടത്

# ദാഹം!

# ആമുഖം

പ്രിയപ്പെട്ട യുവ ഹൃദയങ്ങൾക്ക്,
യേശുക്രിസ്തുവിന്റെ മാധുര്യനാമത്തിൽ എന്റെ
ഈസ്റ്റർ ആശംസകൾ!

യൗവനക്കാരായ നിങ്ങൾ കർത്താവ് ഉപയോഗിക്കുന്ന പാത്രങ്ങളാണ്. ഓരോ ദിവസവും കർത്താവ് നിങ്ങളെ ഉപയോഗിക്കുന്നത് കാണുമ്പോൾ ഞാൻ കർത്താവിൽ സന്തോഷിക്കുന്നു. വരും നാളുകളിൽ നിങ്ങളെ കൂടുതൽ ബലപ്പെടുത്തി, ശക്തിയോടെ പ്രയോജനപ്പെടുത്താൻ കർത്താവ് ആഗ്രഹിക്കുന്നു. കാരണം, യേശുവിനെ അറിയാത്ത വലിയൊരു കൂട്ടം യൗവനക്കാർ തങ്ങളുടെ ജീവിതത്തിൽ വിടുതൽ ലഭിക്കുമോ, പാപ പോരാട്ടം മാറുമോ എന്ന് ചിന്തിച്ച് വേദനയിലും കണ്ണുനീരിലും ആയിരിക്കുന്നു. മാത്രമല്ല, യേശുവിനെ അറിഞ്ഞ ക്രൈസ്തവ യൗവനക്കാർ രക്ഷയുടെ അനുഭവമില്ലാതെ നാമമാത്ര ക്രിസ്ത്യാനികളായി ജീവിക്കുകയും നിരവധി പോരാട്ടങ്ങളിൽ കുടുങ്ങിക്കിടക്കുകയും ചെയ്യുന്നു. അത്തരമൊരു കൂട്ടം യൗവനക്കാരെ അന്വേഷിച്ച് ആര് പോകും?



അതുപോലെ വേദപുസ്തകത്തിൽ, തന്റെ ജീവിതത്തിലെ പരാജയം, നിരാശ, പാപ അടിമത്തം, കണ്ണുനീർ തുടങ്ങിയ നിരവധി ദുഃഖങ്ങളോടെ ശമര്യാ പട്ടണത്തിലെ യാക്കോബിന്റെ കിണറ്റിൽ നിന്നും വെള്ളം കോരാൻ വന്ന ഒരു സ്ത്രീ. യേശു ആ ഒരു ആത്മാവിനെ അന്വേഷിച്ച് പോയി, അവളുടെ കണ്ണുനീർ തുടയ്ക്കുകയും, അവളുടെ വേദനകൾ മാറ്റി, പാപത്തിൽ നിന്ന് അവളെ വിടുവിക്കുകയും ദാഹത്താൽ വറ്റിപ്പോയ അവളുടെ ജീവിതത്തിൽ ജീവജലനദിയാകുന്ന വചനം നൽകി അവളെ ഉയിർപ്പിക്കുകയും ചെയ്തു.

ഇന്നും ഒരു കൂട്ടം യൗവനക്കാർ പാപത്തിൽ നിന്നും ശാപത്തിൽ നിന്നുമുള്ള വിടുതലിനായി ദാഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. കർത്താവിന്റെ ശക്തിയും വരങ്ങളും ലഭിച്ച ഇമ്മൈഗ്രേഴ്‌സായ നിങ്ങൾ ശക്തമായി പ്രവർത്തിക്കുകയും, ദൈവത്തെ അവർക്ക് തെളിയിച്ചുകൊടുക്കുകയും വേണം.



- **നിങ്ങൾ പ്രാർത്ഥിച്ചാൽ ആ യൗവനക്കാരിൽ നിന്നും പാപ അടിമത്തത്തിന്റെ ചങ്ങലകൾ കർത്താവ് പൊട്ടിക്കും.**
- **നിങ്ങൾ പ്രാർത്ഥിച്ചാൽ കർത്താവ് രോഗത്തിന്റെ ചങ്ങലകൾ പൊട്ടിക്കും.**
- **നിങ്ങൾ പ്രാർത്ഥിച്ചാൽ യൗവനക്കാരെ വശീകരിച്ചിരിക്കുന്ന അശുദ്ധാത്മാക്കളുടെ പ്രവൃത്തികളെ കർത്താവ് നശിപ്പിക്കും.**


നിങ്ങളുടെ പ്രാർത്ഥന വലിയ മാറ്റവും വിടുതലും കൊണ്ടുവരും. കർത്താവിലും കർത്താവിന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ!

ദൈവകൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

ക്രിസ്തുവിന്റെ വേലയിൽ,
**മോഹൻ സി. ലാസറസ്**



# വേദപുസ്തക ശേഖരം...



പ്രിയ യുവജനങ്ങളെ, വേദപുസ്തക പശ്ചാത്തലം മനസ്സിലാക്കി വചനം വായിക്കുന്നത് നിങ്ങൾക്ക് ഉപയോഗപ്രദമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ മാസം നമുക്ക് യോശുവ, ന്യായാധിപന്മാർ, രൂത്ത് എന്നീ പുസ്തകങ്ങളുടെ പശ്ചാത്തലം അന്വേഷിക്കാം!

## സംഗ്രഹം

### യോശുവ

1. മോശെയുടെ മരണശേഷം യോശുവ ധൈര്യത്തോടെ ഇസ്രായേൽ ജനത്തെ കനാനിലേക്ക് നയിക്കുന്നു.
2. ദൈവം യോശുവയോട്, ശക്തനും ധൈര്യശാലിയുമായിരിക്ക എന്ന് കല്പിക്കുകയും അവനെ നയിക്കുകയും ചെയ്യുന്നു.
3. യിസ്രായേൽ മക്കൾ യോർദ്ദാൻ കടന്ന് കനാൻ ദേശം കൈവശമാക്കുവാൻ തുടങ്ങി.
4. ദൈവത്തിന്റെ വിചിത്രമായ കല്പന ജനം ധൈര്യത്തോടെ അനുസരിച്ചതുകൊണ്ട്, ദൈവം അത്ഭുതകരമായി യെരിഹോ മതിൽ തകർത്തു.
5. ഈ വിജയം സ്വന്ത ശക്തിയിൽ നിന്നല്ല, ദൈവത്തിൽ നിന്നാണെന്ന് യോശുവ ജനങ്ങളെ ഓർമ്മിപ്പിക്കുന്നു.

### ന്യായാധിപന്മാർ

ഇസ്രായേൽ ജനം ദൈവത്തെ മറന്ന്, വീണ്ടും വീണ്ടും പാപം ചെയ്ത് ദൈവത്തിന്റെ ശിക്ഷ അനുഭവിക്കുന്നു. എന്നാൽ അടിമത്തത്തിൽ നിന്ന് സഹായത്തിനായി ഓരോ തവണയും ദൈവത്തെ വിളിക്കുന്ന അവരെ രക്ഷിക്കാൻ ദൈവം ന്യായാധിപന്മാരെ എഴുന്നേൽപ്പിക്കുന്നു. ജനങ്ങൾക്ക് സമാധാനം ഉണ്ടാകുന്നു. ഇനി ജനങ്ങൾ തന്റെ കല്പനകളെ പാലിച്ച് പൂർണ്ണഹൃദയത്തോടെ തന്നെ സേവിക്കുമെന്ന് ദൈവം ചിന്തിക്കുമ്പോൾ ഇസ്രായേല്യർ വീണ്ടും വീണുപോകുന്നു.

പ്രധാന വ്യക്തികൾ ദെബോറ, ശിംശോൻ, ഗിദയോൻ

### രൂത്ത്

രൂത്ത് ഒരു മോവാബ്യ വിധവയാണ്. തന്റെ അമ്മായിയമ്മയായ നവോമിയോടും ദൈവത്തോടും വിശ്വസ്തത പുലർത്താൻ ദൃഢനിശ്ചയം ചെയ്ത അവൾ, വയലിൽ ജോലി ചെയ്യാൻ അമ്മായിയമ്മയോടൊപ്പം ബേത്ത് ലെഹെമിലേക്ക് പോകുന്നു. അവിടെ അവൾ ബോവസിനെ കണ്ടുമുട്ടുന്നു. അദ്ദേഹം അവളുടെ വീണ്ടെടുപ്പുകാരനായി മാറുന്നു. അതിനെക്കാൾ അതിശയം എന്തെന്നാൽ,

രൂത്ത് ദാവീദ് രാജാവിന്റെ മുതുമുത്തശ്ശിയായി മാറുന്നു. ശാന്തവും സാധാരണവുമായ സാഹചര്യത്തിലും കർത്താവ് എപ്പോഴും പ്രവർത്തിക്കുന്നു എന്ന് രൂത്തിന്റെ കഥ കാണിക്കുന്നു.

### ഓർമ്മിക്കാൻ

യോശുവയും ന്യായാധിപന്മാരും രൂത്തും വിശ്വാസത്തിന്റെ മൂന്ന് യാഥാർത്ഥ്യങ്ങൾ കാണിച്ചുതരുന്നു.

1. വിശ്വാസത്തിന് ധൈര്യം ആവശ്യമാണ്.
2. ദൈവത്തിൽ നിന്ന് അകന്നുപോകുന്നത് ഉപദ്രവത്തിലേക്കും ആശയക്കുഴപ്പത്തിലേക്കും നയിക്കുന്നു.
3. വിശ്വാസം രക്ഷ കൊണ്ടുവരുന്നു.

നാം പരാജയപ്പെടുമ്പോഴും ദൈവത്തിൽ വിശ്വസിക്കുകയാണെങ്കിൽ, ദൈവം തന്റെ പദ്ധതി നമ്മിലും, നമ്മിലൂടെയും തുടരും.

രൂത്ത് തന്റെ വിശ്വാസത്തിൽ എടുത്ത തീരുമാനത്തിന്റെ ഫലമായി, ദൈവം ദാവീദ് രാജാവിനും, ഒടുവിൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനും അവളുടെ വംശാവലിയിൽ വഴിയൊരുക്കി.



# പറഞ്ഞതുപോലെ തലകുനിയാൻ അനുവദിച്ചില്ല!

**തമിഴ്നാട്ടിലെ തെങ്കാശി ജില്ലയുടെ തെക്കൻ ഭാഗത്തുള്ള ഒരു വൈദ്യ കുടുംബത്തിൽ ജനിച്ച്, വൈദ്യശാസ്ത്രം പഠിക്കാൻ ആഗ്രഹിച്ചിരുന്ന ഇർവിൻ ജോഷ്, ഓർമ്മക്കുറവും ഫിറ്റ്സ് രോഗത്താൽ ബാധിക്കപ്പെട്ട സാഹചര്യത്തിലും സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ച്, ആദ്യശ്രമത്തിൽ തന്നെ നീറ്റ് പരീക്ഷ എഴുതി വിജയിക്കുകയും ഭാവി ഡോക്ടറാകാൻ പരിശീലനം നേടുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങളെക്കുറിച്ച് നമുക്ക് അദ്ദേഹത്തോട് ചോദിക്കാമോ?**

## നിങ്ങളുടെ കുടുംബത്തെയും കുട്ടിക്കാലത്തെയും കുറിച്ച് പറയാമോ?

ഡോ. മേശക് പീറ്ററിന്റെയും ഡോ. ഷീല മഗ്ദലിന്റെയും മകനായി തെങ്കാശിയിൽ ജനിച്ചു. എന്റെ മാതാപിതാക്കൾ രണ്ടുപേരും ഡോക്ടർമാരാണ്. എന്റെ സഹോദരി MBBS അവസാനവർഷം പഠിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു വളർന്നതുകൊണ്ട്, കുട്ടിക്കാലം മുതൽ യേശുവിനെക്കുറിച്ച് അറിയാൻ തുടങ്ങി. ഞാൻ പതിവായി സഭയിൽ പോകുകയും വേദപുസ്തകം വായിക്കുകയും വേദപുസ്തക പരീക്ഷകളിൽ സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. എന്നെ ഭക്തിയോടെയാണ് വളർത്തിയത്. കുട്ടിക്കാലം മുതൽ പാട്ട് പാടാനും, കീബോർഡും ഗിറ്റാറും വായിക്കാനുമുള്ള കഴിവുകൾ കർത്താവ് നൽകിയിരുന്നു. അത് കർത്താവിന്റെ നാമമഹത്ത്വത്തിനായി പ്രയോജനപ്പെടുത്തുന്ന രീതിയിൽ മാതാപിതാക്കൾ എന്നെ നയിച്ചു.



## ശരി ....അപ്പോൾ നിങ്ങൾ യേശുവിനെ കൂടുതൽ സ്നേഹിക്കുകയും കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ ജീവിക്കുകയും ചെയ്തിരിക്കുമല്ലോ?

അങ്ങനെയല്ല, എന്റെ മാതാപിതാക്കളുടെ നിർബന്ധത്താൽ അവർ പറഞ്ഞതുപോലെ ഞാൻ ചെയ്തു. പതിവായി പള്ളിയിൽ പോയിരുന്നെങ്കിലും കർത്താവുമായി എനിക്ക് വ്യക്തിപരമായ യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. എന്റെ ജീവിതത്തിൽ തെറ്റായ സ്നേഹിതരും, പാപശീലങ്ങളും ഇല്ലാത്തതുകൊണ്ട് ഞാൻ ഒരു നല്ല ക്രൈസ്തവനാണെന്ന് വിശ്വസിച്ചിരുന്നു. രക്ഷയുടെ അനുഭവം എന്താണെന്ന് എനിക്കറിയില്ലായിരുന്നു. കൊറോണ കാലത്ത്, വരുവിൻ പ്രാർത്ഥിക്കാം എന്ന പരിപാടിയിലൂടെ എല്ലാവർക്കും രക്ഷ ആവശ്യമാണെന്ന് മോഹൻ അങ്കിളിലൂടെ കേൾക്കുവാനിടയായി. ഞാൻ വ്യക്തിപരമായി ക്രിസ്തുവിനെ രുചിച്ചറിയുകയും, മാനസാന്തരപ്പെട്ട്



യേശുവിനെ എന്റെ സ്വന്തം രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. അതിനുശേഷമാണ് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കാനും വേദപുസ്തകം വായിക്കാനും തുടങ്ങിയത്.

## സൂപ്പർ... യേശുക്രിസ്തുവിനെ അറിഞ്ഞു... നിങ്ങളുടെ പഠനത്തെക്കുറിച്ച് പറയാമോ?

കുട്ടിക്കാലം മുതൽ സ്കൂളിൽ നല്ല മാർക്ക് വാങ്ങാനും, ക്ലാസ്സിൽ ഒന്നാം സ്ഥാനക്കാരനാകാനും കർത്താവ് കൃപ നൽകി. പത്താം ക്ലാസ് പബ്ലിക് പരീക്ഷയ്ക്ക് ശേഷം ഡോക്ടറാകുക എന്നതായിരുന്നു എന്റെ ലക്ഷ്യം. അതുകൊണ്ട് ഞാൻ ബയോ കമ്പ്യൂട്ടർ ഗ്രൂപ്പെടുത്തു. 11,12 ക്ലാസുകളിൽ പഠിക്കുമ്പോൾ നീറ്റ് പരീക്ഷയ്ക്കും സ്കൂൾ പരീക്ഷകൾക്കും പഠിക്കാൻ എനിക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു.



'എന്റെ സമയം എങ്ങനെ ചെലവഴിക്കണം? ഏത് വിഷയത്തിന് എത്ര സമയം മാറ്റിവയ്ക്കണം?' എന്ന് ഞാൻ വളരെ ആശയക്കുഴപ്പത്തിലായിരുന്നു. അതിനുപുറമേ, എനിക്ക് ഫിറ്റ്സ് രോഗവും ഉണ്ടായിരുന്നു. അതിന് ഞാൻ എല്ലാ ദിവസവും ഗുളികകൾ കഴിക്കാറുണ്ടായിരുന്നു. ഇക്കാരണത്താൽ, എനിക്ക് എപ്പോഴും ഉറക്കം വരും, അധികസമയം ഉണർന്നിരിക്കാൻ കഴിയില്ല. അതിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചു. ദൈവത്തിന്റെ കൃപയാൽ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഗുളികകൾ കഴിക്കുന്നത് നിർത്തി.

ഇപ്പോൾ എനിക്ക് ഒരു പ്രശ്നവുമില്ല. സുഖമായിരിക്കുന്നു. പക്ഷേ ഓർമ്മക്കുറവ് ഉണ്ടായിരുന്നു. പല വസ്തുതകളും ഓർമ്മിക്കാൻ എനിക്ക് വളരെ ബുദ്ധിമുട്ടായിരുന്നു. പേരുകളും അക്കങ്ങളും പലതവണ മനഃപാഠമാക്കിയാലും അത് മറന്നുപോകും. എങ്ങനെയെങ്കിലും ആദ്യത്തെ പ്രാവശ്യം നീറ്റ് എഴുതുമ്പോൾ തന്നെ ഗവൺമെന്റ് കോളേജിൽ സീറ്റ് ലഭിക്കണമേ, 12-ാം ക്ലാസിലെ പൊതു പരീക്ഷയിൽ മാർക്ക് കുറഞ്ഞാലും പ്രശ്നമില്ല എന്ന് ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.




## ശരി... ഇത്രയും പ്രശ്നങ്ങളുടെ മദ്ധ്യത്തിലും നിങ്ങൾക്ക് മെഡിസിൻ പഠിക്കാൻ കഴിഞ്ഞോ?

2025ൽ പ്രാർത്ഥനാമലയിൽ നടന്ന **Achievers** യോഗത്തിലെ പ്രാർത്ഥനാ സമയത്ത് കർത്താവ് നിങ്ങളുടെ തല കുനിയാൻ അനുവദിക്കില്ല എന്ന് സഹോദരനിലൂടെ സംസാരിച്ചു. എന്റെ അമ്മ ആ വാക്കുകൾ ഏറ്റെടുത്ത് പ്രാർത്ഥിക്കാൻ തുടങ്ങി. ശലോമോൻ ചോദിച്ചതിലും അധികമായി ജ്ഞാനവും സമ്പത്തും നൽകിയതുപോലെ, 12-ാം ക്ലാസിലെ പരീക്ഷയിൽ എന്റെ ദൈവം ഞാൻ ആഗ്രഹിച്ചതിനേക്കാൾ അധികം മാർക്ക് നൽകി. കർത്താവിന്റെ കൃപയാൽ 12-ാം ക്ലാസിലെ പൊതു പരീക്ഷയിൽ 593/600 മാർക്ക് നേടി **School First** ആയി. **Physics** ഉം, **Computer Science** ൽ **centum** എടുത്തു. **Neet** പരീക്ഷയിൽ 522/720 മാർക്ക് നേടി ഗവൺമെന്റ് കോളേജിൽ സീറ്റ് ലഭിക്കാനും കർത്താവ് സഹായിച്ചു. ഇപ്പോൾ ഞാൻ തൂത്തുക്കുടി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പഠിക്കുന്നു. സംസ്ഥാന വിദ്യാഭ്യാസ തലത്തിൽ പഠിക്കുന്നവർക്ക് **Neet** എഴുതാൻ കഴിയില്ല,





# കർത്താവ് നിങ്ങളെ തലകുനിയാൻ അനുവദിക്കില്ല!






അവർക്ക് വിജയിക്കാനും കഴിയില്ല. വിജയിച്ചാലും ആദ്യ തവണ എഴുതുമ്പോൾ നീറ്റ് **clear** ചെയ്യാൻ കഴിയില്ല എന്നിങ്ങനെ നെഗറ്റീവ് കാര്യങ്ങൾ പറഞ്ഞ് പലരും എന്നെ ഭയപ്പെടുത്തിയിരുന്നു. എന്നാൽ ഞാൻ ഇനി ഒരു വർഷം കൂടി ഞാൻ പഠിക്കില്ല, ആദ്യതവണ തന്നെ അങ്ങ് എനിക്ക് സീറ്റ് നൽകണം എന്ന് കർത്താവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഞാൻ ആവശ്യപ്പെട്ടതുപോലെ കർത്താവ് എനിക്കുവേണ്ടി പ്രവർത്തിച്ചു എന്നെ സന്തോഷിപ്പിച്ചു.

**സൂപ്പർ... നിങ്ങൾ ആഗ്രഹിച്ചത് നിങ്ങൾക്ക് ലഭിച്ചു ... ഇന്ന് പരീക്ഷ എഴുതാനും ഉന്നത വിദ്യാഭ്യാസത്തിനും തയാറെടുക്കുന്ന വിദ്യാർത്ഥികളോട് നിങ്ങൾ എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?**

ആദ്യം നാം കർത്താവിന് നൽകേണ്ട സമയവും ബഹുമാനവും നൽകണം. **Special Class** എന്നു പറഞ്ഞ് പ്രാർത്ഥനാ സമയവും സഭയിൽ പോകുന്നതും കുറയ്ക്കരുത്. പഠിക്കേണ്ട സമയം **TV, Social Media** മുതലായവയിൽ സമയം പാഴാക്കരുത്. പ്രാർത്ഥനയോടെ കഠിനമായി പഠിക്കുമ്പോൾ തീർച്ചയായും കർത്താവ് നാം പ്രതീക്ഷിക്കുന്നതിലും അധികമായി വിജയം നൽകും.

**പ്രിയപ്പെട്ട വിദ്യാർത്ഥികളെ, ഇന്ന് പരീക്ഷാഫലം കാത്തിരിക്കുമ്പോൾ, വൈദ്യശാസ്ത്രം പഠിക്കണമെന്ന് നിങ്ങളും സ്വപ്നം കാണുന്നുണ്ടോ? ആദ്യസ്ഥാനം യേശുവിന് നൽകുവിൻ! കർത്താവ് നിങ്ങളെ സഹായിക്കും!**





# ഇരുണ്ട ലോകത്തിൽ വെളിച്ചം കണ്ടവർ!

പ്രിയപ്പെട്ട യുവ നേതൃക്കാരെ, നിങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ!

ജീവിതത്തിൽ എത്ര തടസ്സങ്ങൾ നേരിട്ടാലും ലക്ഷ്യങ്ങൾ ഉപേക്ഷിക്കാതെ അവയിലേക്ക് മുന്നേറുന്നവരാണ് യഥാർത്ഥ നേതൃക്കാർ. ഒരു സാഹചര്യത്തിനും തന്നെ തളർത്താൻ കഴിയില്ല എന്ന ദൃഢനിശ്ചയത്തോടെ പോരാടി വിജയത്തിന്റെ കൊടുമുടിയിലെത്തിയ ഒരാളുടെ ജീവിതയാത്ര ഇതാ....

ഇന്ത്യയിലെ ഉത്തർപ്രദേശിലെ അംരോഹ ജില്ലയിലെ ഒരു ദരിദ്ര കർഷക കുടുംബത്തിലാണ് സതേന്ദർ സിംഗ് ജനിച്ചത്. ഒന്നര വയസ്സുള്ളപ്പോൾ ന്യുമോണിയ ബാധിച്ചു, തെറ്റായ മരുന്നുകൾ കഴിച്ചതിലൂടെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തു. കാഴ്ചയില്ലാതെ വളർന്നെങ്കിലും ആത്മവിശ്വാസം നഷ്ടപ്പെടുത്താതെ അദ്ദേഹം നിരവധി വെല്ലുവിളികൾ നേരിട്ടു. ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഫോർ ദി ബ്ലൈൻഡിൽ Braille ലിപി പഠിച്ച അദ്ദേഹം സ്കൂളിൽ മികച്ച വിദ്യാർത്ഥിയായിരുന്നു.




ഡൽഹിയിലെ സ്റ്റീഫൻസ് കോളേജിൽ ചേർന്നപ്പോൾ ഇംഗ്ലീഷ് പഠനം അദ്ദേഹത്തിന് വലിയൊരു വെല്ലുവിളിയായിരുന്നു. എന്നാൽ തളരാതെ ഒരു വർഷത്തിനുള്ളിൽ ഇംഗ്ലീഷ് പരീക്ഷ ജയിച്ചു. പിന്നീട് ജവഹർലാൽ നെഹ്റു സർവകലാശാലയിൽ നിന്ന് **M.Phil** ബിരുദം നേടി.

അദ്ധ്യാപകനായി ജോലി ചെയ്യുമ്പോഴും അദ്ദേഹം **UPSC** സിവിൽ സർവീസ് പരീക്ഷയ്ക്ക് തയാറെടുത്തു. അതിൽ വിജയിക്കുക എന്ന ലക്ഷ്യത്തോടെ അന്ധനായിരുന്ന അദ്ദേഹം **Screen Reader** സോഫ്റ്റ് വെയർ ഉപയോഗിച്ച് പഠിച്ചു.


2016ലും 2017ലും പരാജയപ്പെട്ടെങ്കിലും നിരാശനാകാതെ 2018ൽ വീണ്ടും ശ്രമിക്കുകയും 714**th Rank (All Over India)** നേടുകയും ചെയ്തു, ഇന്ന് അദ്ദേഹം ഒരു യഥാർത്ഥ നേതൃക്കാരനായിരിക്കുന്നു.

ഇത് വായിക്കുന്ന സ്നേഹിതരെ, എനിക്ക് കഴിയില്ല എന്ന ചിന്ത സതേന്ദർ സിംഗ് അംഗീകരിക്കുന്നില്ല പകരം എങ്ങനെ കഴിയും എന്ന ചോദ്യം അദ്ദേഹം തിരഞ്ഞെടുത്തു. അന്ധനായിരുന്നിട്ടും അദ്ദേഹം വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഭാഷ പഠിച്ചു, ബുദ്ധിമുട്ടുള്ള പരീക്ഷകൾ വിജയിച്ചു.

**അതുപോലെ നിങ്ങളും തടസ്സങ്ങൾ കാരണം കാട്ടാതെ, ശ്രമിച്ചുകൊണ്ടിരിക്കണം. വിജയം വൈകിയേക്കാം. പക്ഷേ കഠിനാധ്വാനം ഒരിക്കലും വെറുതെയാകില്ല. ശ്രമിക്കുവിൻ! പൂർത്തിയാക്കുവിൻ!**







Heart Beat

# Plan ചെയ്യുന്ന Parents!!

**ഞാൻ പത്താം ക്ലാസിൽ പഠിക്കുന്നു. നല്ല മാർക്ക് വാങ്ങി, 11-ാം ക്ലാസിൽ എനിക്കിഷ്ടപ്പെട്ട Computer Science Group എടുക്കണം, കോളേജിൽ BSC Computer Science Departmentൽ ചേർന്ന് ഒരു IT കമ്പനിയിൽ Join ചെയ്യണം, കൂടാതെ Data Science പഠിക്കണം എന്നിങ്ങനെ നിരവധി ആഗ്രഹങ്ങളും അഭിലാഷങ്ങളും എനിക്കുണ്ടായിരുന്നു. 10th പരീക്ഷയ്ക്ക് ശേഷം അല്പം സന്തോഷമായിരിക്കാം എന്ന് ഞാൻ വിചാരിച്ചപ്പോൾ, മെയ് മാസം മുഴുവനും VBS പോകണം, ആദ്യം കർത്താവുമായുള്ള ബന്ധത്തിൽ ശക്തിപ്പെടണമെന്നും, യേശുവിനോട് ഒരു Encounter നിനക്കുണ്ടാകണമെന്നും അവർ പറഞ്ഞു. ഇത് കേട്ടപ്പോൾ, എനിക്ക് കോപം വന്നു. ഇതുമൂലം എപ്പോഴും വഴക്കായിരുന്നു. ഞാൻ എന്റെ അച്ഛനോട് സംസാരിക്കാറില്ല. എപ്പോഴും ഞാൻ എന്റെ മുറിയിൽ ഇരിക്കും. എന്റെ മാതാപിതാക്കൾക്ക് എന്നെ മനസ്സിലാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? അവർ പറയുന്നത് ഞാൻ എപ്പോഴും കേൾക്കണോ? എന്റെ Plan അവർ കേൾക്കാൻ പാടില്ലേ?**

**- ആകാശ്, തിരുച്ചിറാപ്പള്ളി.**

പ്രിയ സഹോദരാ,

നിങ്ങളുടെ ലക്ഷ്യത്തെക്കുറിച്ച് കേട്ടതിൽ എനിക്ക് സന്തോഷമുണ്ട്. കാരണം, +2 പൂർത്തിയാക്കിയ ശേഷം ഒരു പ്ലാനുമില്ലാതെ പോകുന്ന വിദ്യാർത്ഥികളുടെ മദ്ധ്യത്തിൽ, +1ൽ ഏത് ഗ്രൂപ്പ് എടുക്കണം ഏത് ബിരുദം പഠിക്കണം ഇപ്പോഴത്തെ **Trend** കോഴ്സുകൾ ഏതൊക്കെയാണെന്നും നന്നായി മനസ്സിലാക്കി പഠിക്കാൻ പദ്ധതിയിട്ടിരിക്കുന്നതിനെ ഓർത്ത് നിങ്ങളെ അഭിനന്ദിക്കുന്നു.

**VBS**ന് പോകണം എന്ന മാതാപിതാക്കളുടെ നിർബന്ധത്താൽ, മെയ് മാസത്തെ ലീവ് പ്ലാൻ റദ്ദാക്കിയതിൽ ദുഃഖമുണ്ടെന്ന് എനിക്ക് മനസ്സിലാകുന്നു. ഇന്ന് പല കുടുംബങ്ങളിലും മാതാപിതാക്കളും കുട്ടികളും തമ്മിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്കും, വേർപിരിയലുകൾക്കും കാരണം, **"seeing the one side of the coin".**

നാം മറുവശം നോക്കാൻ മറക്കുന്നതാണ്. അവരുടെ പ്രതീക്ഷകൾ എന്താണെന്ന് ആദ്യം ചോദിക്കാം തുടർന്ന് പിന്തുടരുന്നതിനെക്കുറിച്ച് ചിന്തിക്കാം.



## ക്രൈസ്തവ മാതാപിതാക്കളുടെ പ്രതീക്ഷ (Why does an encounter with Jesus matter so much?):

എന്റെ മകൻ **Higher Secondary** പോകുന്നതിന് മുമ്പ് കർത്താവുമായി ഒരു ബന്ധം ഉണ്ടാകണം.

തന്നെക്കുറിച്ചുള്ള ദൈവഹിതം എന്താണെന്ന് അവൻ തിരിച്ചറിയണം.

ഈ ലോകത്ത്, പഠനത്തിൽ വിജയിക്കാനും അച്ചടക്കമുള്ള ജീവിതം നയിക്കാനും ഒരാൾക്ക് ആത്മീയ ശക്തി ആവശ്യമാണ് (ദൈവവുമായുള്ള ദൈനംദിന ഇടപെടലിലൂടെ മാത്രമേ ആ ശക്തി ലഭിക്കൂ).

തന്റെ ഹൃദയത്തെ സൂക്ഷിക്കാനും, പാപത്തിൽ നിന്ന് വിട്ടുനിൽക്കാനുമുള്ള ശീലം വളർത്തിയെടുത്താൽ, അവന് വിജയകരമായ ക്രൈസ്തവ ജീവിതം നയിക്കാൻ കഴിയും.

കർത്താവ് തനിക്കായി കരുതിവച്ചിരിക്കുന്ന ആ മികച്ച ജീവിതം നേടി, കർത്താവിന് മഹത്ത്വവും സാക്ഷിയുമായി ജീവിക്കാൻ കഴിയും.



## ആകാശ്, നിങ്ങൾ ചിന്തിക്കുന്നത് എന്തെന്നാൽ:

എന്റെ ജീവിതം എങ്ങനെ നയിക്കണമെന്ന് എനിക്കറിയില്ലേ? യേശു എനിക്ക് ജ്ഞാനം നൽകിയിട്ടുണ്ട്; എന്ത് ചെയ്യണമെന്നും എന്ത് ചെയ്യാൻ പാടില്ല എന്നും എനിക്കറിയാം.

**"I have the will power; I will overcome every temptation in my 11th, 12th & collage life"** അതുകൊണ്ട് എനിക്ക് ഒരു പ്രശ്നവുമില്ല; എന്റെ **goal easy** ആയി **achieve** ചെയ്യാൻ എനിക്ക് കഴിയുമെന്ന് കരുതുന്നു.

എന്നാൽ അവിടെയാണ് പല യൗവനക്കാർക്കും തെറ്റ് പറ്റുന്നത്. അവർ സ്വന്തം ശക്തിയിൽ ചിന്തിക്കുകയും നേടാൻ ശ്രമിക്കുകയും ചെയ്യുന്നു. പക്ഷേ അവർ പരാജയപ്പെടുകയും ദൈവഹിതത്തിൽ നിന്ന് അകന്നുപോകുകയും ചെയ്യുന്നു.

ശിംശോൻ: തന്റെ ശാരീരിക ശക്തികൊണ്ട് നേടാൻ കഴിയുമെന്ന് കരുതി, ജഡീക ആഗ്രഹങ്ങളെ അതിജീവിക്കാൻ



കഴിയാതെ വീണുപോയി.

കയീൻ: തന്റെ ജഡീക ആഗ്രഹങ്ങൾക്ക് സ്ഥാനം നൽകി, അവന്റെ അസൂയ കോപമായി മാറി, തന്റെ സ്വന്തം സഹോദരനെതിരെ എഴുന്നേറ്റ് പാപം ചെയ്ത്, ദൈവസന്നിധി വിട്ടുപോയി.

ഗേഹസി: ലൗകിക വസ്തുക്കളോട് അത്യാഗ്രഹം തോന്നിയതിനാൽ അവന് തന്റെ വിലയേറിയ പ്രവാചക ശുശ്രൂഷ നഷ്ടപ്പെട്ടു. അവൻ ദൈവസന്നിധി വിട്ടുപോയി.

നിങ്ങൾ വിജയകരമായ ജീവിതം നയിക്കണമെന്നും ദൈവവുമായുള്ള ബന്ധത്തിൽ മികവ് പുലർത്തണമെന്നും നിങ്ങളുടെ മാതാപിതാക്കൾ ആഗ്രഹിക്കുന്നു.

അതുകൊണ്ട് ഈ ഒരു തവണ **VBS**ൽ പങ്കെടുത്ത് മെയ് മാസം മുഴുവനും സ്വയം തയ്യാറെടുത്ത്, പഠിക്കാൻ തയ്യാറാകുവിൻ. കർത്താവ് നിങ്ങളോടുകൂടെയിരുന്ന്, നിങ്ങളെ ശക്തിപ്പെടുത്തും.

"ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാൺമാൻ യഹോവ സ്വർഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു.

എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല ഒരുത്തൻ പോലുമില്ല" (സങ്കീർത്തനം 14:2,3).

**ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി (1 കൊരി. 15:3-5).**

മരിച്ചുപോയ യേശുവിന്റെ ശരീരം യഹൂദന്മാരുടെ ആചാരപ്രകാരം, തുണികളിൽ പൊതിഞ്ഞ്, മലയിൽ നിന്ന് വെട്ടിയെടുത്ത കല്ലറയിൽ അടക്കം ചെയ്തു. ആ കല്ലറ ഒരു കല്ലുകൊണ്ട് അടച്ചു. യേശു ഈ ലോകത്തിലായിരുന്നപ്പോൾ, ഞാൻ മരിച്ച് അടക്കം ചെയ്ത് മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കും എന്ന് പറഞ്ഞിരുന്നു. യേശു പറഞ്ഞതുപോലെ മരണത്തെ ജയിച്ച് ജീവനോടെ എഴുന്നേറ്റു. യേശു ഇവിടെയില്ല ഉയിർത്തെഴുന്നേറ്റു എന്ന വാക്ക് നിമിത്തം യെരുശലേമിൽ യേശുവിനെ സംസ്കരിച്ച കല്ലറ ഇന്നും തുറന്നിരിക്കുന്നു. ലോകത്തിൽ മരിച്ച് അടക്കപ്പെട്ട് മരണത്തെ ജയിച്ച് ഇന്നും ജീവിച്ചിരിക്കുന്നത് യേശുക്രിസ്തു മാത്രമാണ്.




യേശുവിനോടൊപ്പം ഉണ്ടായിരുന്ന അപ്പൊസ്തലന്മാരാണ് ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടത്. നിങ്ങൾ യേശുവിനെ ക്രൂശിച്ചു പക്ഷേ, കർത്താവ് യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു. അതിന് ഞങ്ങൾ സാക്ഷികളാണ് (അപ്പൊ. പ്ര. 2:32) എന്ന് യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് സാക്ഷി നൽകി.



മരണപ്പെട്ട ഒരാളെ ദൈവമായി പ്രഖ്യാപിക്കേണ്ട ആവശ്യമില്ല. മരിച്ചിട്ടും ജീവിച്ചിരിക്കുന്നവനാണ് ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച സർവ്വശക്തനായ ദൈവം. ഈ ലോകത്തിലെ ഏക ദൈവം യേശുക്രിസ്തു മാത്രമാണ്. അതുകൊണ്ടാണ് "ഞാൻ മരിച്ചവനായിരുന്നു എന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു" (വെളി. 1:18) എന്ന് യേശു

പറഞ്ഞത്. മരണത്തെ ജയിച്ച ഏക ദൈവം യേശുക്രിസ്തു മാത്രമാണ് **(1 കൊരി. 15:14).** ഉയിർത്തെഴുന്നേറ്റ ശേഷം യേശു തന്റെ ശിഷ്യന്മാരോടൊപ്പം പ്രവർത്തിച്ചു. യേശുകർത്താവ് പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം അത്ഭുതങ്ങൾ ചെയ്ത് താൻ ജീവനോടിരിക്കുന്നുവെന്ന് വെളിപ്പെടുത്തി **(മർക്കൊസ് 16:20).** യേശു ജീവിച്ചിരുന്ന കാലത്ത് ചെയ്തതുപോലെ, തന്റെ ശിഷ്യന്മാരിലൂടെയും അത്ഭുതങ്ങൾ ചെയ്തു. എന്തുകൊണ്ടാണ് യേശു തന്റെ ശിഷ്യന്മാരിലൂടെ അതൊക്കെയും ചെയ്തത്? ശിഷ്യന്മാരെ അഭിനന്ദിക്കാൻ വേണ്ടിയല്ല, ഇവർ പ്രസംഗിക്കുന്ന യേശുവായ താൻ ജീവിച്ചിരിക്കുന്നു എന്ന് കാണിക്കാനാണ് അത്ഭുതങ്ങളിലൂടെ തന്നെ വെളിപ്പെടുത്തിയത്.

പഞ്ചാബിലെ ലുധിയാനയിൽ ഒരു സിക്ക് കുടുംബത്തിൽ ജനിച്ച സുന്ദർ വളരെ ഭക്തിയോടെയാണ് വളർന്നത്. അമ്മ ഹിന്ദുമതത്തിന്റെ കടുത്ത അനുയായി ആയിരുന്നു. കുട്ടിക്കാലം മുതലേ സുന്ദർ ഹിന്ദുമതത്തിലെ പുണ്യഗ്രന്ഥങ്ങൾ പ്രത്യേകിച്ച്, ഭഗവദ്ഗീത ശ്രദ്ധാപൂർവ്വം വായിച്ചിരുന്നു. ഏഴ് വയസ്സുള്ളപ്പോൾ തന്നെ അദ്ദേഹം അത് മനഃപാഠമാക്കാൻ തുടങ്ങി. ചെറുപ്പത്തിൽ തന്നെ അമ്മയുടെ മരണം സുന്ദറിന്റെ മനസ്സിനെ ആഴത്തിൽ ബാധിച്ചു. അതുകൊണ്ട് അമ്മയുടെ മരണശേഷം ആശ്വാസത്തിനായി അദ്ദേഹത്തിന്റെ ഹൃദയം ആഗ്രഹിച്ചപ്പോൾ, തന്റെ അമ്മ കാണിച്ചുകൊടുത്ത ദൈവങ്ങളെ അന്വേഷിക്കാൻ തുടങ്ങി. വിവിധ മതഗ്രന്ഥങ്ങൾ വാങ്ങി വായിച്ചു, എല്ലാ ദൈവങ്ങളെയും അന്വേഷിക്കാൻ തുടങ്ങി. "ഈ ലോകം മുഴുവനും സൃഷ്ടിച്ച ഒരു ദൈവമുണ്ട്! ആ ദൈവത്തെ കാണണം! ആ ദൈവത്തിലൂടെ മാത്രമേ എനിക്ക് ആശ്വാസവും സമാധാനവും ലഭിക്കൂ" എന്ന് മാസങ്ങളോളം ഭാരത്തോടെ അന്വേഷിച്ചു. പക്ഷേ ഒന്നിലും അദ്ദേഹത്തിന് സമാധാനം കണ്ടെത്താൻ കഴിഞ്ഞില്ല.

അവസാനം, "യഥാർത്ഥ ദൈവമുണ്ടെങ്കിൽ ഇന്ന് രാത്രി എനിക്ക് വെളിപ്പെടും! അല്ലെങ്കിൽ ഞാൻ മരിക്കും" എന്ന് രാത്രി മുഴുവനും കാത്തിരുന്നു.

പിറ്റേന്ന് നേരം പുലരുന്നതിന് മുമ്പ്, അവസാന നിമിഷത്തിൽ അവൻ ഇരുന്ന മുറിയിൽ ഒരു പ്രകാശം പ്രത്യക്ഷപ്പെട്ടു.

ആ പ്രകാശത്തിൽ ആണികളാൽ തറയ്ക്കപ്പെട്ട ക്രൂശിൽ തൂങ്ങിക്കിടക്കുന്ന തന്നെ അവന് വെളിപ്പെടുത്തി. "സുന്ദർ, നീ അന്വേഷിക്കുന്ന ദൈവം ഞാനാണ്! ആകാശവും ഭൂമിയും സൃഷ്ടിച്ചവൻ ഞാനാണ്! നിനക്കുവേണ്ടി ക്രൂശിൽ മരിച്ച് നിന്റെ പാപങ്ങൾ വഹിച്ചവൻ ഞാനാണ്!" എന്ന് യേശുക്രിസ്തു തന്നെ വെളിപ്പെടുത്തി. സുന്ദർ യേശുവിനെ പ്രതീക്ഷിച്ചിരുന്നില്ല. യേശുവിനെ കണ്ടപ്പോൾ അവൻ ഞെട്ടിപ്പോയി. യേശുവിനെ കണ്ട സുന്ദർ അവിടെ വച്ച് തന്നെ യേശുവിന് സമർപ്പിച്ചു.

പ്രിയപ്പെട്ട യൗവനക്കാരെ,
സുന്ദർ എന്ന യുവാവിന്റെ
ഹൃദയം ദൈവത്തിനായുള്ള
ദാഹത്താൽ നിറഞ്ഞിരുന്നു.
തന്നെ സൃഷ്ടിച്ച ദൈവത്തെ
എങ്ങനെയെങ്കിലും
കാണണമെന്ന് അവൻ
ദാഹിച്ചു. അതുകൊണ്ട് യേശു
അവന് തന്നെത്തന്നെ
വെളിപ്പെടുത്തി. ഇന്നും തന്നിൽ
വിശ്വസിക്കുകയും തന്നെ
അന്വേഷിക്കുകയും
ചെയ്യുന്നവർക്ക് തന്നെ
വെളിപ്പെടുത്താൻ യേശു
കാത്തിരിക്കുകയാണ്.
യേശുവിനെ സ്വീകരിക്കാൻ
നിങ്ങൾ ദാഹിക്കുന്നുണ്ടോ?





# ദാഹം!

**നമ്മുടെ ശരീരം ആരോഗ്യത്തോടെയിരിക്കാൻ ഭക്ഷണവും വെള്ളവും അത്യാവശ്യമാണ്. ദാഹവും വിശപ്പും ശാരീരിക ആവശ്യങ്ങളുടെ സ്വാഭാവികതകളാണ്. ദാഹിക്കുമ്പോൾ ദാഹം ശമിപ്പിക്കാൻ നാം വെള്ളം അന്വേഷിക്കുന്നതുപോലെ, നമ്മുടെ ആത്മീയ ദാഹം ശമിപ്പിക്കാൻ ദൈവത്തെ അന്വേഷിക്കണം.**

ദാവീദ് ചെറുപ്പത്തിൽ തന്നെ ദൈവത്തെ അന്വേഷിച്ചിരുന്നു. കർത്താവിനോട് അടുത്ത് ഇടപെടാൻ ആഗ്രഹിച്ചു. അവന്റെ ആത്മാവ് മാത്രമല്ല, ശരീരവും ദൈവത്തെ അറിയാൻ ആഗ്രഹിച്ചു. "ദൈവമേ, നീ എന്റെ ദൈവം അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാത്ത ഉണങ്ങി വരണ്ട ദേശത്ത് എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു: (സങ്കീ. 6:31). ഒരു കടമയായിട്ടല്ല, ദാഹത്തോടെ നാം കർത്താവിനെ അന്വേഷിക്കുമ്പോൾ, നമ്മുടെ ആത്മീയ ദാഹം ശമിക്കും.

നമ്മുടെ ശരീരത്തിന് വെള്ളം എത്ര ആവശ്യമാണോ അത്രയും തന്നെ നാം ദൈവത്തിന്റെ കൂടെ ആയിരിക്കണമെന്ന് ദാവീദിന് നന്നായി അറിയാമായിരുന്നു. അതുകൊണ്ടാണ് അതിരാവിലെ തന്നെ ദാവീദ് ദൈവത്തെ അന്വേഷിച്ചത്. എത്ര പരീക്ഷണങ്ങളും, പോരാട്ടങ്ങളും, പ്രയാസങ്ങളും, നഷ്ടങ്ങളും വന്നിട്ടും, ദാവീദ് കർത്താവിനെ അന്വേഷിക്കുന്നത് ഉപേക്ഷിച്ചില്ല.




എല്ലാ സാഹചര്യങ്ങളിലും അവൻ കർത്താവിനെ അന്വേഷിക്കുകയും കർത്താവിൽ ആശ്രയിക്കുകയും ചെയ്തു. നിങ്ങളുടെ ജീവിതത്തിൽ എന്ത് സാഹചര്യം വന്നാലും, കർത്താവിനെ അന്വേഷിക്കുന്നത് ഉപേക്ഷിക്കരുത്. നിങ്ങളുടെ ആത്മാവും ശരീരവും എത്രത്തോളം കർത്താവിനെ അന്വേഷിക്കുന്നുവോ അത്രത്തോളം നിങ്ങൾക്ക് ശക്തി ലഭിക്കും.

"എന്റെ ആത്മാവ് ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായിതന്നെ, ദാഹിക്കുന്നു; ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും" (സങ്കീ. 4:22). ദാവീദ് എല്ലാ ദിവസവും ദൈവത്തിനായി ദാഹിച്ചതുപോലെ, നിങ്ങളുടെ ആത്മാവ് ദൈവത്തിനായി ദാഹിക്കുമ്പോൾ, നിങ്ങൾ ഈ ലോകത്തിൽ വിജയകരമായ ഒരു ജീവിതം നയിക്കും.

യേശു ഈ ലോകത്തിൽ ജയാളിയായി ജീവിച്ചതിന്റെ കാരണം, യേശു തന്റെ പിതാവിനെ ദിനന്തോറും അന്വേഷിച്ചിരുന്നു. നിങ്ങൾ യേശുവിനെ അന്വേഷിക്കുമ്പോൾ, യേശുവിന്റെ ഗുണങ്ങൾ നിങ്ങളിൽ പ്രകടമാകാൻ തുടങ്ങും. നശിച്ചുപോകുന്ന ആത്മാക്കൾക്കായി യേശു ദാഹിച്ചതുപോലെ നിങ്ങളും ആത്മാക്കൾക്കുവേണ്ടി ദാഹിക്കും.

യഹൂദന്മാർ ശമര്യക്കാരെ വെറുത്തിരുന്നു.

യഹൂദന്മാർ വെറുത്തിരുന്ന ഗോത്രത്തിലെ ശമര്യാക്കാരി സ്ത്രീയുടെ ആത്മീയ ദാഹം ശമിപ്പിക്കാൻ യേശു കിണറ്റിനരികെ കാത്തിരുന്നു. യേശുവിന് ശാരീരിക ദാഹത്തേക്കാൾ അധികം ആത്മീയ ദാഹമായിരുന്നു. ദാഹം ശമിപ്പിക്കാൻ വെള്ളം കോരാനാണ് അവൾ വന്നത്. എന്നാൽ അവളുടെ വരണ്ട ആത്മാവും വെള്ളത്തിനായുള്ള ദാഹവും യേശു കണ്ടു. അത് ശമിപ്പിക്കാൻ കഴിയുന്ന ജീവജലമായി യേശു തന്നെത്തന്നെ പരിചയപ്പെടുത്തി. ശാരീരിക ദാഹം ശമിപ്പിക്കാൻ വന്ന സ്ത്രീക്ക് അവളുടെ ആത്മീയ ദാഹം ശമിപ്പിക്കാനുള്ള വഴി കർത്താവ് കാണിച്ചുകൊടുത്തു. "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും എന്ന് പറഞ്ഞു" (യോഹന്നാൻ 4:14). കർത്താവായ യേശുക്രിസ്തുവിലൂടെ ദാഹം ശമിച്ച ശമര്യക്കാരി സ്ത്രീ തന്റെ പട്ടണത്തിലേക്ക് ഓടിപ്പോയി, തന്നെ നിന്ദിച്ചിരുന്ന തന്റെ ഗ്രാമത്തിലെ ജനങ്ങളെ യേശുവിന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുവന്നു. ഓടിപ്പോയി യേശു തനിക്ക് ചെയ്ത കാര്യങ്ങൾ പലരോടും പറഞ്ഞു, അവരെ രക്ഷയിലേക്ക് നയിച്ചു. ശമര്യാക്കാരി സ്ത്രീ ആദ്യം യേശുവിനെ ഒരു യഹൂദനായും പിന്നീട് ഒരു



പ്രവാചകനായും ഒടുവിൽ പാപത്തിൽ നിന്ന് തന്നെ രക്ഷിക്കാൻ വന്ന മശിഹായായും കണ്ടു.

“ഞാൻ ചെയ്തതൊക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കുനിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു" (യോഹന്നാൻ 4:39).

**പ്രിയപ്പെട്ട യൗവനക്കാരെ ഈ ലോകം ആത്മീയ ദാഹത്താൽ വലയുകയാണ്. ദൈവം നമുക്ക് നൽകിയ ഏറ്റവും വിലയേറിയ നിധി തന്റെ പുത്രനായ യേശുവാണ്. നിങ്ങൾ എല്ലാ ദിവസവും കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും പ്രാർത്ഥിക്കുകയും, ദൈവത്തെ അന്വേഷിക്കുകയും ചെയ്താൽ, യേശു നിങ്ങളോടുകൂടെ ഉണ്ടാകും. ആ ശമര്യക്കാരിയെപ്പോലെ മറ്റുള്ളവരുടെ ദാഹം ശമിപ്പിക്കാൻ ആത്മീയ ദാഹത്തോടെ പുറപ്പെടുവിൻ! യേശു നിങ്ങൾക്കുവേണ്ടി ചെയ്തത് സാക്ഷ്യപ്പെടുത്തുവിൻ! കർത്താവ് നിങ്ങളോടുകൂടെ ഇരുന്ന് അനേകരുടെ ദാഹം ശമിപ്പിക്കും!**


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
| --- | --- | --- |
| യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം KVR - 247, മുളവന ജംഗ്ഷൻ, തേക്കുംമൂട്, കണ്ണമ്മൂല റോഡ്, തിരുവനന്തപുരം - 695035<br>Office Time 9:30 A.M. - 5:30 P.M. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State.<br>Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | | Mob: 94967 44001, 99463 00001. |



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

## ദൈവത്തിനായുള്ള യെശയ്യാ പ്രവാചകന്റെ ദാഹം:

കർത്താവിന്റെ വചനത്തിനുവേണ്ടിയും, നീതിക്കുവേണ്ടിയും അഗാധമായ ദാഹം ഉണ്ടായിരുന്നു. കർത്താവിനെ ഇസ്രായേലിന്റെ പരിശുദ്ധൻ എന്ന് ആവർത്തിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം കർത്താവിനോടുള്ള തന്റെ ഭക്തിനിർഭയമായ ദാഹം പ്രകടിപ്പിച്ചു. കർത്താവ് പറയുന്ന കാര്യങ്ങൾ മാത്രം സംസാരിക്കണമെന്ന ഉറച്ച തീരുമാനം അദ്ദേഹത്തിനുണ്ടായിരുന്നു. പാപത്തിൽ നിന്ന് പിന്തിരിഞ്ഞ് ദൈവത്തിലേക്ക് മടങ്ങണമെന്ന അടങ്ങാത്ത ദാഹത്തോടെയാണ് യെശയ്യാവ് പ്രവർത്തിച്ചത്.



## ദൈവത്തിനായുള്ള യിരെമ്യാ പ്രവാചകന്റെ ദാഹം:

ജനങ്ങൾ മാനസാന്തരപ്പെട്ട് കർത്താവിലേക്ക് മടങ്ങണമെന്ന് അദ്ദേഹത്തിന് ആഴമായ ആഗ്രഹമുണ്ടായിരുന്നു. ചെറുപ്പത്തിൽ തന്നെ കർത്താവ് തിരഞ്ഞെടുത്ത അദ്ദേഹം ദൈവത്തോടുള്ള തീവ്രമായ ദാഹം നിമിത്തം പ്രവാചകനായി വിളിക്കപ്പെട്ടു. കർത്താവാണ് ജീവനുള്ള സത്യദൈവവും നിത്യരാജാവുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ജനങ്ങളുടെ എതിർപ്പ് വകവയ്ക്കാതെ, അദ്ദേഹം ധൈര്യത്തോടെ കർത്താവിന്റെ വചനം പ്രസംഗിച്ചു.

## ദൈവത്തിനായുള്ള ഏലിയാവിന്റെ ദാഹം:

ഇസ്രായേൽ ജനം സത്യദൈവത്തിൽ നിന്ന് അകന്നുപോയപ്പോൾ, ഏലിയാവ് കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ നിന്നു. കർത്താവ് തന്നോട് അരുളിച്ചെയ്ത സ്ഥലത്തേക്ക് പോയി, കാക്കകൾ കൊണ്ടുവന്ന ഭക്ഷണം കഴിച്ച് ഒരു മടിയും കാട്ടാതെ അനുസരിച്ചു. മഴയ്ക്കായി ഏഴ് പ്രാവശ്യം പ്രാർത്ഥിച്ചതിനുശേഷവും പ്രതീക്ഷ കൈവിടാതെ കർത്താവിന്റെ വചനത്തിൽ ഉറച്ചുനിന്നു. ശത്രുക്കളുടെ മുമ്പിൽ പോലും കർത്താവിനെ ഉയർത്താൻ ഈ ദാഹം അദ്ദേഹത്തിന് ധൈര്യം നൽകി.

## ദൈവത്തിനായുള്ള ദാവീദിന്റെ ദാഹം:

ശൗലിൽ നിന്നും ഒളിച്ചോടി മരുഭൂമിയിൽ ആയിരുന്ന സമയത്ത്, അവൻ പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിച്ചു. ദൈവ സാന്നിധ്യത്തിൽ വസിക്കണമെന്നതായിരുന്നു അവന്റെ അടങ്ങാത്ത ആഗ്രഹം. വെള്ളത്തിനായി ദാഹിക്കുന്ന ഒരു മാനിനോട് അവൻ തന്റെ ആത്മാവിനെ താരതമ്യം ചെയ്യുന്നു (സങ്കീ. 6:31). എപ്പോഴും ദൈവത്തിന്റെ ആലയത്തിൽ വസിക്കണം എന്നത് ജീവിതത്തിലെ അവന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു.








## യേശുവിനോടുള്ള ശമര്യാക്കാരി സ്ത്രീയുടെ ദാഹം:

മശിഹായുമായുള്ള കൂടിക്കാഴ്ച സമൂഹത്തിൽ നിന്ന് അകറ്റി നിർത്തപ്പെട്ട അവളുടെ ജീവിതത്തെ മാറ്റിമറിച്ചു. തന്റെ കുടം ഉപേക്ഷിച്ച് എല്ലാവരോടും യേശുവിനെക്കുറിച്ചുള്ള സദ് വാർത്ത അറിയിക്കാൻ അവൾ പട്ടണത്തിലേക്ക് പോയി. തന്റെ പഴയ ജീവിതത്തെക്കുറിച്ച് അനുതപിക്കുകയും യഥാർത്ഥ ദിവ്യസ്നേഹത്തിനും നിത്യജീവനും വേണ്ടി ആഗ്രഹിക്കുകയും ചെയ്തു. ആ ദാഹം അവളെ പലരെയും വിശ്വാസത്തിലേക്ക് നയിക്കുന്ന ഒരു സുവിശേഷകയാക്കി മാറ്റി.





## ദൈവത്തിനായുള്ള സക്കായിയുടെ ദാഹം:

ഉയരം കുറവായിരുന്നതിനാൽ ആൾക്കൂട്ടത്തിൽ യേശുവിനെ കാണാൻ കഴിയാത്തതുകൊണ്ട് അവൻ മരത്തിൽ കയറി. അവന്റെ ആഗ്രഹം മനസ്സിലാക്കിയ യേശു ഇറങ്ങി വാ എന്ന് വിളിച്ചപ്പോൾ ഉടനെ അവൻ താഴെയിറങ്ങി അനുതപിച്ചു. തന്റെ സമ്പത്തിന്റെ പകുതി ദരിദ്രർക്ക് നൽകാൻ അവൻ തയാറായിരുന്നു. ഇത് അവന്റെ ആത്മാർത്ഥമായ മാനസാന്തരത്തിന്റെ തെളിവായിരുന്നു. പാപിയായ അവനെ രക്ഷിച്ചതും യേശുവിനെ തന്റെ വീട്ടിലേക്ക് കൊണ്ടുവന്നതും ഈ ദാഹമാണ്.



# സമ്മർദ്ദങ്ങളിലൂടെ....

*Hi friends,*

എല്ലാവർക്കും സുഖമാണോ? സമ്മർദ്ദങ്ങളിലൂടെ എന്ന ഈ പംക്തിയിലൂടെ നിങ്ങളെ വീണ്ടും കാണാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു!

കഴിഞ്ഞ മാസം എങ്ങനെയാണ് ഒലിവ് വിത്തുകൾ സമ്മർദ്ദങ്ങളിലൂടെ വളരെ ഉപയോഗപ്രദമായ ഒലിവ് എണ്ണയായി രൂപാന്തരപ്പെടുന്നതെന്ന് നാം കണ്ടു.

ഈ മാസം നാം എന്താണ് കാണാൻ പോകുന്നത്? **Any idea Friends?**

എല്ലാ വശങ്ങളിലുമുള്ള വാതിലുകൾ അടച്ചതുപോലെ, ഉത്തരം അറിയാത്ത സമ്മർദ്ദകരമായ സാഹചര്യങ്ങൾ എപ്പോഴെങ്കിലും നിങ്ങൾ നേരിട്ടിട്ടുണ്ടോ? അങ്ങനെയെങ്കിൽ ഈ പംക്തി നിങ്ങൾക്കുള്ളതാണ് ശരി, നമുക്ക് പംക്തിയിലേക്ക് കടക്കാം.

## ഈ മാസം നാം ഗോതമ്പ് മണിയെക്കുറിച്ചാണ് കാണാൻ പോകുന്നത്!

സാധാരണയായി ഗോതമ്പ് മണികൾ ഗോതമ്പ് ചെടിയുടെ തണ്ടുമായി ചേർന്നിരിക്കും. അത് സുരക്ഷിതമായിരുന്ന് യാതൊരു ബുദ്ധിമുട്ടും കൂടാതെ ഭക്ഷണത്തിനും വെള്ളത്തിനുമെല്ലാം തണ്ടിനെ ആശ്രയിച്ചിരിക്കും. നമ്മിൽ ചിലർ ചില കാര്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കുന്നു.

ശരി .... പക്ഷേ ആ ഗോതമ്പ് മണി തണ്ടിൽ ചേർന്നിരുന്നാൽ ജീവിതകാലം മുഴുവൻ അതിന് ഒരു വിത്തായി മാത്രമേ നിലനിൽക്കാൻ കഴിയൂ. ഒന്നുകിൽ അത് അങ്ങനെ തന്നെ അഴുകിപ്പോകും അല്ലെങ്കിൽ ഏതെങ്കിലും മൃഗങ്ങൾ അത് തിന്നും.

"എന്നാൽ ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല; എങ്കിൽ അത് തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും: എന്ന് യോഹന്നാൻ 12:24ൽ പറയുന്നു.

അതെ, അത് ഏറ്റവും ഫലപ്രദമാകണമെങ്കിൽ, അത് മരിക്കണം, അതായത്, സമ്മർദ്ദകരമായ ഒരു അന്തരീക്ഷത്തിലൂടെ കടന്നുപോകണം.

അത് അനുകൂലവും , സുരക്ഷിതവുമായ സുഖസൗകര്യങ്ങളിൽ നിന്ന് പുറത്തുകടക്കണം. മരിക്കണം എന്നാൽ വെറുതെ മരിക്കുക എന്നല്ല അർത്ഥമാക്കുന്നത്. ജീവിക്കാൻ വേണ്ടി മരിക്കണം സമൃദ്ധമായ വിളവ് ലഭിക്കണമെങ്കിൽ, ഒരു ഗോതമ്പ് മണി നിലത്തുവീണ് ചാകണം.

ആദ്യം ഗോതമ്പ് തണ്ടിൽ ചേർന്നിരിക്കും. ആ ഗോതമ്പ് മണികളെ തണ്ടിൽ നിന്ന് വേർതിരിച്ചെടുത്ത്, അതിനെ സൂക്ഷിക്കുന്നു. ഇത്രയും കാലം താൻ ചേർന്നിരുന്ന തണ്ടിൽ നിന്ന് വേർപെട്ട ഗോതമ്പ് മണിയുടെ ഗതി എന്താണ്? സ്നേഹിതരെ ഇത് പ്രയാസമേറിയ സാഹചര്യമാണ്!

ഇത്രയും കാലം നിങ്ങൾ ആശ്രയിച്ചിരുന്നവരിൽ നിന്ന് നിങ്ങൾ വേർപിരിഞ്ഞ്, ഒരു സഹായവും ലഭിക്കാത്ത സാഹചര്യത്തിലാണോ? വിഷമിക്കേണ്ട! നിങ്ങൾ വേർപിരിഞ്ഞാൽ കർത്താവ് നിങ്ങളെ എന്നന്നേക്കുമായി വേർപടുത്തിയിരിക്കുന്നു എന്ന് മനസ്സിലാക്കുവിൻ.


**വേർതിരിച്ചെടുത്ത ഗോതമ്പ് മണിയുടെ അവസ്ഥ നോക്കുന്നതിന് മുമ്പ്, ഈ മാസം ഗോതമ്പ് മണിയുടെ ഘടന നമുക്ക് കാണാം.**

വിത്തിന്റെ തോട്
(Seed Coat)



വിത്തിനെ ആവരണം ചെയ്ത് സംരക്ഷിക്കുന്ന പുറം പാളി

വിത്ത്
(Embryo)




പുതിയൊരു സസ്യമായി, ഭാവിയിൽ വേരായി, ഒരു മുളയായി വളരാൻ കഴിവുള്ള അപക്വമായ സസ്യഭാഗം

കോട്ടിലിഡൻ
(Cotyledon)



വിത്തിന് ആവശ്യമായ ഭക്ഷണം സൂക്ഷിക്കുന്ന ഭാഗം

എൻഡോസ്പേം
(Endosperm



ചില മണികളിൽ വിത്തിനെ പോഷിപ്പിക്കുന്ന ഭക്ഷ്യ സംഭരണ ടിഷ്യു.

ഇതാണ് വിത്തിന്റെ ഘടന, ഗോതമ്പ് മണി തണ്ടിൽ ചേർന്നിരിക്കുമ്പോൾ അത് നിദ്രയിലായിരിക്കും. അതായത്, നല്ല ഭാവിക്കുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും പ്രവർത്തനരഹിതമായി തുടരും.

**വേർപിരിച്ചെടുത്ത ഗോതമ്പ് മണിയുടെ അവസ്ഥ അടുത്ത മാസം കാണാം ...**


# അനുഗ്രഹ മഹോത്സവങ്ങൾ!

## യുവജന മഹോത്സവം!

**മെയ് 25 - 29**

തിങ്കൾ മുതൽ വെള്ളി വരെ

സമയം:
രാവിലെ 9 മണി മുതൽ 12 മണി വരെ

സ്ഥലം: ഏലീം ഗാർഡൻ യഹോവ ശാലോം ഹാൾ, നാലുമാവടി

യൗവനക്കാർക്കായി മാത്രം നടത്തപ്പെടുന്ന മഹോത്സവം.
ഈ കൂട്ടായ്മയിൽ പങ്കെടുക്കാൻ യുവജനങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.




പ്രാർത്ഥനാ ഡയറി - ഏപ്രിൽ 2026

# വരുവിൻ പ്രാർത്ഥിക്കാം

*Jebikalam Vanga*

താലിബാൻ ഭരണം ഏറ്റെടുത്തതിനുശേഷം അഫ്ഗാനിസ്ഥാനിലെ 97% ജനങ്ങളും പട്ടിണിയും കടുത്ത ഭക്ഷ്യക്ഷാമവും അനുഭവിക്കുന്നു എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ ഭക്ഷ്യ പ്രതിസന്ധിയെ കൂടുതൽ വഷളാക്കിയിട്ടുണ്ട്. ഒരു രാജ്യം മുഴുവൻ ഭക്ഷണം കണ്ടെത്താൻ പ്രയാസപ്പെടുന്നു. ഭീകര ഭരണകൂടത്തിൽ ദുരിതമനുഭവിക്കുന്ന അഫ്ഗാനിസ്ഥാന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ.






ഇന്ത്യയിൽ ഒരു ദിവസം ശരാശരി 80 കൊലപാതകങ്ങൾ നടക്കുന്നുണ്ടെന്നും ഒരു വർഷത്തിൽ 29,193 പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും NCRB റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ഉത്തർപ്രദേശിലാണ്. 30-45 പ്രായക്കാരിൽ 38.5 ശതമാനം, 18-30 പ്രായക്കാരിൽ 35.9 ശതമാനവും, 45 വയസ്സിന് മുകളിലുള്ളവരിൽ25.6 ശതമാനവും കൊല്ലപ്പെടുന്നതിനാൽ, നമ്മുടെ രാജ്യത്തെ യൗവനക്കാർക്കിടയിൽ ആത്മഹത്യ മാത്രമല്ല, കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നു. നമ്മുടെ രാജ്യത്തെ ഈ ദാരുണമായ സാഹചര്യം മാറാനായി പ്രാർത്ഥിപ്പിൻ.

കൂടുതൽ ലാഭം നേടണം എന്ന ലക്ഷ്യത്തോടെ വിലകുറഞ്ഞ മായം ചേർത്ത ഭക്ഷ്യ ഉൽപന്നങ്ങളുടെ നിർമ്മാതാക്കളുമായി കൂട്ടുകൂടുന്ന പണമിടപാടുകാരെയും, രാഷ്ട്രീയ നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്തമില്ലായ്മ, സർക്കാരിന്റെ അശ്രദ്ധ, അധികാരികളുടെ അലംഭാവം എന്നിവ കാരണം ജനങ്ങൾ ദുരിതമനുഭവിക്കുന്നു. ലോകമെമ്പാടും ഓരോ വർഷവും 550 മില്യൺ ആളുകൾ അനാരോഗ്യകരമായ ഭക്ഷണം കഴിക്കുന്നതിലൂടെ രോഗബാധിതരാകുന്നു. ഇതിൽ 2,30,000 പേർ മരിക്കുന്നു. കൂടാതെ 33 മില്യൺ ആളുകൾക്ക് അവരുടെ ആരോഗ്യകരമായ ജീവിതം നഷ്ടപ്പെട്ടു. ഈ സാഹചര്യം മാറാനും ഉത്തരവാദിത്തബോധം ഉടലെടുക്കാനും ജനങ്ങൾക്ക് സുരക്ഷിതമായി ജീവിക്കാൻ കഴിയുന്ന ഒരു അന്തരീക്ഷം ഉണ്ടാകാനും പ്രാർത്ഥിപ്പിൻ.



നമ്മുടെ രാജ്യത്ത് തീപിടുത്തത്തിലൂടെ ജീവഹാനി സംഭവിക്കാതിരിക്കാനും ജനങ്ങളുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കപ്പെടാനും ഫാക്ടറികൾ, അപ്പാർട്ട് മെന്റുകൾ, എണ്ണ കിണറുകൾ, സ്കൂളുകൾ, കോളേജുകൾ, വാഹനങ്ങൾ എന്നിവ കർത്താവിന്റെ കരങ്ങളിൽ ഏൽപ്പിക്കപ്പെടാനും അപകടങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.





തീയിലൂടെ വലിയ നാശം വരുത്താനും നമ്മുടെ രാജ്യത്തിന്റെ സമാധാനം നശിപ്പിക്കാനും ജനങ്ങളുടെ ഹൃദയങ്ങളിൽ ഭയവും ഭീതിയും നിറയ്ക്കാനും ശ്രമിക്കുന്ന ശത്രുവിന്റെ പദ്ധതികൾ നശിപ്പിക്കപ്പെടാനും, ജനങ്ങളുടെ രക്തം ചിന്തി നഗരത്തിന്മേൽ കർത്താവിന്റെ കോപം വരുത്തുവാൻ ശ്രമിക്കുന്ന സാത്താന്റെ പ്രവൃത്തികളും പൂർണ്ണമായും നശിച്ചുപോകാനായി പ്രാർത്ഥിപ്പിൻ.

തമിഴ്നാട്ടിൽ കഴിഞ്ഞ അഞ്ച് വർഷമായി കുട്ടികളുടെ കുറ്റകൃത്യങ്ങൾ തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നത് വളരെയധികം ആശങ്കാജനകമാണ്. 2021ൽ 1,603 കൊലപാതക കേസുകളിൽ 48 (3%) കേസുകളിലും പ്രായപൂർത്തിയാകാത്തവരെയാണ് കുറ്റവാളികളായി കണ്ടെത്തിയിരിക്കുന്നത്. 2022ൽ ഇത് 3.4%, 2023ൽ 4.8%, 2024ൽ 5.3%, 2025ൽ 6.1 %കേസുകളിലും പ്രായപൂർത്തിയാകാത്തവരാണ് പ്രതികൾ. മുൻ വർഷങ്ങളെ അപേക്ഷിച്ച് 2 ഇരട്ടി വർദ്ധനവാണ് ഇത് കാണിക്കുന്നത്. ഈ ദുരവസ്ഥ പൂർണ്ണമായും ഇല്ലാതാക്കപ്പെടാനും കുട്ടികൾ ശരിയായ പാതയിൽ നയിക്കപ്പെടാനും ആത്മാർത്ഥമായി പ്രാർത്ഥിപ്പിൻ.





ആഫ്രിക്കൻ രാജ്യങ്ങളായ എത്യോപ്യ, കോംഗോ, നൈജീരിയ അതുമാത്രമല്ല, നമ്മുടെ അയൽ രാജ്യങ്ങളായ പാകിസ്ഥാൻ, ബംഗ്ലാദേശ്, എന്നിവയേക്കാളും ഇന്ത്യയിൽ പട്ടിണി അനുഭവിക്കുന്നവരുടെ ശതമാനം കൂടുതലാണ് എന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. പ്രത്യേകിച്ച് ഇന്ത്യയിലെ 19.3% കുട്ടികൾ (ഏകദേശം 67 ലക്ഷം കുട്ടികൾ) മതിയായ ഭക്ഷണത്തിന്റെ അഭാവം നിമിത്തം പോഷകാഹാരക്കുറവ് അനുഭവിക്കുന്നു. ഒരു നേരത്തെ ഭക്ഷണം പോലും ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഈ കുഞ്ഞുങ്ങൾക്ക് ആവശ്യമായ പോഷകാഹാരം ലഭിക്കാനും അവരുടെ ജീവൻ സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.

# കഷ്ടപ്പാടുകളുടെ മദ്ധ്യത്തിൽ ...



ഓസ്ട്രേലിയയിൽ നിന്ന് ഒറീസയിൽ ഒരു മിഷനറിയായി എത്തി, കുഷ്ഠരോഗികൾക്കും സമൂഹത്തിൽ താഴ്ന്നവരായി കണക്കാക്കപ്പെട്ടിരുന്നവർക്കും മദ്ധ്യത്തിൽ ജീവിച്ച് പ്രവൃത്തിയിലൂടെ ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തുന്നതിനായി തന്റെ ജീവിതം സമർപ്പിച്ച ഗ്രഹാം സ്റ്റെയിൻസിന്റെ അത്ഭുതകരമായ ശുശ്രൂഷാ ദർശനത്തെക്കുറിച്ചാണ് ഈ മാസം നാം കാണുവാൻ പോകുന്നത്. അദ്ദേഹത്തിന്റെ സേവനം സാധാരണ മിഷൻ പ്രവർത്തനമായിരുന്നില്ല. അത് സ്നേഹത്തിന്റെ സാക്ഷ്യവും ത്യാഗത്തിന്റെ അടയാളവും വിശ്വാസത്തിന്റെ ഉന്നതിയുമായിരുന്നു.

ഓസ്ട്രേലിയയിൽ നിന്നുള്ള വില്യം സ്റ്റെയിൻസിന്റെയും എലിസബത്ത് സ്റ്റെയിൻസിന്റെയും രണ്ടാമത്തെ മകനായിരുന്നു ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസ്. പതിനഞ്ച് വയസ്സുള്ളപ്പോൾ ഒരു മിഷനറി കുഷ്ഠരോഗികളുടെ ദുരവസ്ഥയെക്കുറിച്ച് സംസാരിക്കുകയും അവരുടെ ഫോട്ടോകൾ കാണിക്കുകയും ചെയ്തപ്പോൾ, ഭ്രമിച്ചുപോയ സ്റ്റെയിൻസ് ഇന്ത്യയിലെ കുഷ്ഠരോഗികൾക്കിടയിൽ സേവനമനുഷ്ഠിക്കാനായി തന്റെ ജീവിതം സമർപ്പിക്കാൻ തീരുമാനിച്ചു. തുടർന്ന് മിഷനറി ശുശ്രൂഷയെക്കുറിച്ചുള്ള യോഗത്തിൽ പങ്കെടുക്കുകയും മിഷനറി ശുശ്രൂഷയിലേക്കുള്ള കർത്താവിന്റെ വിളിയുടെ ഉറപ്പ് ലഭിക്കുകയും ചെയ്തു.

ക്ഷണം സ്വീകരിച്ച് ഗ്രഹാം സ്റ്റെയിൻസ് ഇവാഞ്ചലിക്കൽ മിഷനറി സൊസൈറ്റി ഓഫ് മയൂർഭഞ്ച് എന്ന സംഘടനയിൽ ചേരുകയും, 1965ൽ ഇന്ത്യയിലെ ഒഡീഷ സംസ്ഥാനത്തിലെ ആദിവാസി മേഖലകളിൽ പ്രവർത്തിക്കാൻ ഇന്ത്യയിലെത്തുകയും ചെയ്തു. കുഷ്ഠരോഗം ബാധിച്ചവരുടെ ദുരവസ്ഥ കണ്ട അദ്ദേഹം സ്നേഹത്തോടും സമർപ്പണത്തോടും കുഷ്ഠരോഗികൾക്കിടയിൽ സേവനം ചെയ്യാൻ തുടങ്ങി. ഒഡീഷ ഭാഷയും സന്താലി എന്ന പ്രാദേശിക ഭാഷയും പഠിച്ച ശേഷം അവിടത്തെ ഗോത്രവർഗക്കാരോട് അദ്ദേഹം യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചു.



1983ൽ അദ്ദേഹം പാരിബാദയിലെ മിഷന്റെ നടത്തിപ്പ് ഏറ്റെടുത്തു. അതേ വർഷം തന്നെ മിഷനറി നഴ്സായിരുന്ന ഗ്ലാഡിസിനെ വിവാഹം കഴിച്ചു. ഗ്ലാഡിസ് ഭർത്താവ് ഗ്രഹാമിന് അനുയോജ്യയായ ഭാര്യയും ശുശ്രൂഷയിൽ നല്ല കൂട്ടാളിയുമായിരുന്നു. ഗോത്രവർഗക്കാർക്ക് വിദ്യാഭ്യാസം, വൈദ്യസഹായം, സാമൂഹിക സേവനം എന്നിവ നൽകുന്നതിന് ദമ്പതികൾ ഒരുമിച്ച് അക്ഷീണം പ്രവർത്തിച്ചു.

ആയിരക്കണക്കിന് ജനങ്ങൾ ക്രിസ്തുവിനെ സ്വീകരിക്കാൻ തുടങ്ങി. ഇത് കണ്ട മതതീവ്രവാദികൾ ഗൂഢാലോചന നടത്തി, 1999 ജനുവരി 22ന് രാത്രി മനോഹർപൂരിലെ മീറ്റിംഗ് കഴിഞ്ഞ് സ്റ്റെയിൻസും അദ്ദേഹത്തിന്റെ രണ്ട് ആൺമക്കളും മടങ്ങുമ്പോൾ, മഴുകൊണ്ട് അവരെ ആക്രമിച്ചു, വാഹനം പൂട്ടി അതിന് തീയിട്ടു മൂന്നുപേരെയും ജീവനോടെ ചുട്ടുകൊന്നു. മിഷനറി കുടുംബം നേരിട്ട കഷ്ടപ്പാടുകളുടെയും പീഢനങ്ങളുടെയും ഫലമായി, വർഷങ്ങളായി സുവിശേഷം നിരസിച്ചിരുന്ന പലരും യേശുക്രിസ്തുവിന്റെ അടുക്കൽ വരാൻ തുടങ്ങി.

## ഗ്രഹാം സ്റ്റെയിൻസിന്റെ ശുശ്രൂഷകൾ:

**ലെപ്രസി ഹോം: (Leprosy Home):** 1982ൽ മയൂർഭഞ്ച് പ്രദേശത്തെ കുഷ്ഠരോഗികൾക്ക് അദ്ദേഹം വൈദ്യസഹായവും, പുനരധിവാസവും, പിന്തുണയും നൽകി.

**ആദിവാസികൾക്കുള്ള വിദ്യാഭ്യാസം:** ഒഡീഷയിലെ വിദൂര ഗ്രാമങ്ങളിൽ താമസിക്കുന്ന ആദിവാസി ജനതയ്ക്ക് വിദ്യാഭ്യാസവും അടിസ്ഥാന ആരോഗ്യ സൗകര്യങ്ങളും എത്തിച്ചു.



**സാമൂഹിക സേവനം:** ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് ഉപജീവന സഹായം നൽകി, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനായി പ്രയത്നിച്ചു.

**സ്റ്റെയിൻസ് മെമ്മോറിയൽ ആശുപത്രി:**

ഭർത്താവിന്റെ മരണശേഷം, ഗ്രഹാമിന്റെ ഭാര്യ ഗ്ലാഡിസ് 2004ൽ രാജപക്ഷയിൽ 15 കിടക്കകളുള്ള ഒരു ആശുപത്രി സ്ഥാപിച്ച്, പാവപ്പെട്ട രോഗികൾക്ക് വൈദ്യസഹായം നൽകി.

**വിദ്യാഭ്യാസവും താമസവും:**

ഇത് ദരിദ്രരായ വിദ്യാർത്ഥികളുടെ സാമൂഹിക ഉന്നമനത്തിനായി, പ്രത്യേകിച്ച് കുഷ്ഠരോഗ പശ്ചാത്തലമുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനും താമസത്തിനുമായി 2003ൽ തിമോത്തി ഫിലിപ്പ് മെമ്മോറിയൽ ഹോസ്റ്റൽ സ്ഥാപിച്ചു. കുടുംബം നഷ്ടപ്പെട്ടിട്ടും, കർത്താവ് അവർക്ക് നൽകിയ ശുശ്രൂഷ നിറവേറ്റുന്നതിനായി ഗ്ലാഡിസ് 2004 വരെ മക്കളോടൊപ്പം ഇന്ത്യയിൽ തുടർന്നു. 2004ൽ അവർ ഓസ്ട്രേലിയയിലേക്ക് മടങ്ങിയെങ്കിലും, അവരുടെ ത്യാഗത്തിന്റെയും സേവനത്തിന്റെയും സ്മരണയ്ക്കായി ഇന്നും ആ പ്രദേശത്ത് മെഡിക്കൽ പ്രവർത്തനങ്ങൾ തുടരുന്നു.

# അന്ത്യകാലത്തിന്റെ അടയാളങ്ങൾ.



## കാലത്തിന്റെ ശബ്ദം: നിറവേറുന്ന പ്രവചനങ്ങൾ;

ഭൂമിയിലുടനീളം യുദ്ധങ്ങൾ, ക്ഷാമങ്ങൾ, മഹാമാരികൾ, ഭൂകമ്പങ്ങൾ, കള്ളക്രിസ്തുക്കൾ എന്നിവ ഉണ്ടാകുമെന്ന് വേദപുസ്തകം മുന്നറിയിപ്പ് നൽകുന്നു.

പാപം വർദ്ധിക്കുമെന്നും, സ്നേഹം തണുത്തുപോകുമെന്നും ജനങ്ങളുടെ ഹൃദയം കഠിനമാകുമെന്നും മുന്നിറിയിപ്പ് നൽകുന്നു. ജനങ്ങൾ സ്വാർത്ഥരും പരിഹാസികളും പണസ്നേഹികളും ആയിത്തീരുമെന്നും വേദപുസ്തകം വ്യക്തമാക്കുന്നു.

## സംഭവിച്ചുകൊണ്ടിരിക്കുന്ന അടയാളങ്ങൾ:

- യുദ്ധങ്ങളും, കലാപങ്ങളും: രാജ്യം രാജ്യത്തിനെതിരായും ജനങ്ങൾ ജനങ്ങൾക്കെതിരായും എഴുന്നേൽക്കുന്ന അവസ്ഥ വർദ്ധിച്ചുവരികയാണ്.
- പ്രകൃതി ദുരന്തങ്ങൾ: പല പ്രദേശങ്ങളിലും ക്ഷാമവും പകർച്ചവ്യാധികളും ഭൂകമ്പങ്ങളും ഉണ്ടാകുന്നു.
- സ്നേഹം തണുക്കുന്നു: അക്രമങ്ങൾ വർദ്ധിക്കുമ്പോൾ കുടുംബ ബന്ധങ്ങളിൽ പോലും സ്നേഹം മങ്ങിക്കൊണ്ടിരിക്കുന്നു.
- പരിഹാസികൾ എഴുന്നേൽക്കുന്നു: ദൈവത്തെ നിരാകരിച്ച് സ്വന്തം ആഗ്രഹങ്ങൾക്കനുസരിച്ച് ജീവിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്.
- കള്ളപ്രവാചകന്മാർ: കള്ളപ്രവാചകന്മാർ എഴുന്നേറ്റ്, തങ്ങൾ ക്രിസ്തുവാണെന്ന് അവകാശപ്പെടുകയും അനേകരെ തെറ്റിക്കുകയും ചെയ്യുന്നു.
- സുവിശേഷ പ്രസംഗം: കർത്താവായ യേശുവിന്റെ വരവിന് മുമ്പ്, ലോകത്തിലെ എല്ലാ ജനങ്ങളോടും സുവിശേഷം അറിയിക്കപ്പെടും.

**മുകളിൽ പറയപ്പെട്ടതെല്ലാം ഇന്ന് നമ്മുടെ കൺമുന്നിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധ വേദപുസ്തകത്തിൽ കർത്താവ് പറഞ്ഞ തിരുവെഴുത്തുകൾ നിവൃത്തിയാകുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്! അതുകൊണ്ട്, നമുക്ക് ജാഗ്രതയോടെ, ഉണർവോടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാം...!**

# വാർത്തകൾ!

## സ്പീഡ് പോസ്റ്റ് ഇനി സൂപ്പർ ഫാസ്റ്റ്

### 24 മണിക്കൂറിൽ ഡെലിവറി; ആദ്യഘട്ടം ഡൽഹി, മുംബൈ, ചെന്നൈ, ബെംഗളൂരു അടക്കം 6 നഗരങ്ങളിൽ!

ന്യൂഡൽഹി: 24 മണിക്കൂറിനുള്ളിൽ ഡെലിവറി ഉറപ്പാക്കുന്ന പുതിയ തപാൽ സംവിധാനത്തിന് തപാൽ വകുപ്പ് ഉടൻ തുടക്കമിടും. 24 സ്പീഡ് പോസ്റ്റ് എന്ന പേരിലുള്ള സേവനം ആദ്യഘട്ടത്തിൽ ഡൽഹി, മുംബൈ, ചെന്നൈ, ബെംഗളൂരു, ഹൈദരാബാദ് എന്നീ മെട്രോ നഗരങ്ങളെ ബന്ധിപ്പിച്ചായിരിക്കും. 2 ദിവസത്തിനകം ഡെലിവറി ഉറപ്പാക്കുന്ന 48 സ്പീഡ് പോസ്റ്റ് സേവനവും വരുന്നുണ്ട്.

3 മുതൽ 5 ദിവസം വരെയെടുക്കുന്ന സാധാരണ സ്പീഡ് പോസ്റ്റ് സൗകര്യത്തിനു പുറമേയാണു പുതിയ സേവനങ്ങൾ. റജിസ്റ്റേഡ് പോസ്റ്റ് സംവിധാനം സ്പീഡ് പോസ്റ്റിൽ ലയിപ്പിച്ചതിന്റെ ചുവടുപിടിച്ചാണു പരിഷ്കാരങ്ങൾ. 24 സ്പീഡ് പോസ്റ്റിലും 48 സ്പീഡ് പോസ്റ്റിലും രേഖകൾ അയയ്ക്കാനാകും. എന്നാൽ പാഴ്സലുകൾ 24 സ്പീഡ് പോസ്റ്റിൽ മാത്രമേ പറ്റൂ.

തപാൽ ഉരുപ്പടികൾ വിലാസത്തിലെ വ്യക്തിക്കുതന്നെ ലഭിച്ചെന്ന് ഉറപ്പാക്കാനായി ഒടിപി (വൺ ടൈം പാസ് വേഡ്) അധിഷ്ഠിത ഡെലിവറി സൗകര്യം അധിക ചാർജ് ഇല്ലാതെ ലഭ്യമാകും. ഒപ്പുവാങ്ങുന്ന നിലവിലെ രീതി ഉപയോഗിക്കണമെങ്കിൽ 5 രൂപ അധികം നൽകണം. 24 സ്പീഡ് പോസ്റ്റിൽ അധിക ചാർജ് നൽകിയാൽ വീട്ടിൽനിന്ന് പിക്കപ് സൗകര്യമുണ്ടാകും.



## സിംഹത്തിന്റെ സട പോലെ കടലിൽ ഒന്നാന്തരം വേട്ട നടത്തുന്ന മത്സ്യം!

### കരയിലെ സിംഹങ്ങളെപ്പോലെ ഒന്നാന്തരം വേട്ടക്കാരാണ് ലയൺ ഫിഷുകളും!

സിംഹത്തിന്റെ സടപോലെ ചുറ്റും മുള്ളുകളുള്ള ഒരു മത്സ്യം കടലിലുണ്ട്. അതിൽ നിന്നു തന്നെ അതിനു പേരും കിട്ടി. ലയൺ ഫിഷ്! ചുവപ്പ്, വെള്ള, തവിട്ട് നിറത്തിലുള്ള വരകളാണ് ദേഹം മുഴുവൻ. കാണാൻ സുന്ദരനാണെങ്കിലും അടുപ്പിക്കാൻ കൊള്ളില്ല. മുള്ളുകളിലും ചിറകുകളിലും വിഷമാണ്. കരയിലെ സിംഹങ്ങളെപ്പോലെ ഒന്നാന്തരം വേട്ടക്കാരാണ് ലയൺ ഫിഷുകളും. മുപ്പതു മുതൽ നാൽപത് സെന്റീമീറ്റർ വരെ വലുപ്പം കാണും.

സീബ്രാഫിഷ്, ഫയർ ഫിഷ്, ടർക്കി ഫിഷ് എന്നൊക്കെ പേരുകളുണ്ട്. പന്ത്രണ്ട് ഇനം ലയൺഫിഷുകളുണ്ട്. കടലിലെ ഏതു താപനിലയിലും കാലാവസ്ഥയിലും ജീവിക്കാൻ കഴിവുള്ള ഇവരെ ഇന്തോ-പസിഫിക് മേഖലയിലാണ് കൂടുതലും കാണുക. ചെറുമീനുകളാണ് ആഹാരം. ഇവയുടെ കുത്തേറ്റാൽ കഠിനമായ ദേഹവേദനയും തലക്കറവുമൊക്കെ ഉണ്ടാകും. മനുഷ്യജീവന് ഭീഷണിയല്ലെങ്കിലും ഈ വേദനകൾ അനുഭവിക്കേണ്ടിവരും! ഈ ലയൺഫിഷുകൾ സ്വയം പ്രകാശിക്കും. ആശയവിനിമയത്തിനും ഇരയെ ആകർഷിക്കാനും ഈ വെളിച്ചം അവയെ സഹായിക്കും.

# എന്ത് പഠിക്കണം

## 12 -ാം ക്ലാസിനു ശേഷം ...



**ജീവശാസ്ത്ര (Bilolgy) വിദ്യാർത്ഥികൾ**

മെഡിസിൻ (MBBS, BDS, Paramedical), അഗ്രികൾച്ചർ, ബയോടെക്നോളജി തുടങ്ങിയ കോഴ്സുകൾ തിരഞ്ഞെടുക്കാം.

**ഗണിതശാസ്ത്ര (Maths) വിദ്യാർത്ഥികൾ**

എഞ്ചിനീയറിംഗ് (B.E./B.Tech), കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (BCA), ആർക്കിടെക്ചർ (B.Arch) തുടങ്ങിയ മേഖലകളിൽ ചേരാം.

**കല ബിസിനസ്സ് (Arts & Commerce)**

**B.com, BBA, നിയമം, ജേർണലിസം, ഡിസൈനിംഗ് തുടങ്ങിയ വിവധ കോഴ്സുകളിൽ നിങ്ങൾക്ക് മുന്നേറാം.**

## 12-ാം ക്ലാസ്സിന് ശേഷമുള്ള പ്രധാനപ്പെട്ട കോഴ്സ് അവസരങ്ങൾ:

### 1. ശാസ്ത്ര വിഭാഗങ്ങൾ (Science Stream – Biology / Maths)

**വൈദ്യശാസ്ത്രവും അനുബന്ധ മേഖലകളും:**
**MBBS, BDS, B.Pharm, Pharm D, Nursing, Physiotherapy, Forensic Science, Imaging Technology, Cardiovascular Technology, Optometry.**
**Engineering & Technology: B.E./B.Tech (CSE, AI, Robotics, Cyber Security, Mechanical, Civil), Architecture (B.Arch).**
**Core Science: B.Sc (Physics, Chemistry, Mathematics, Biotechnology, Microbiology, Nutrition).**

### 2. കൊമേഴ്സ് വിഭാഗങ്ങൾ (Commerce Stream)

**തൊഴിലധിഷ്ഠിത പഠനമേഖലകൾ:** Chartered Accountancy (CA), Cost and Management Accountant (CMA), Company Secretary (CS), ACCA.

**ബിരുദങ്ങൾ:** B.Com (General, Accounting & Finance, Computer Applications), BBA, BBM.

### 3. കല ശാസ്ത്ര വിഭാഗങ്ങൾ (Arts & Science Stream)

**BA:** English, History, Psychology, Political Science, Sociology, Tamil.

**കമ്പ്യൂട്ടർ:** BCA, B.Sc Computer Science, Animation, Gaming, Digital Marketing.

**നിയമം:** Law (BA LLB, BBA LLB, B.Com LLB), Hotel Management (BHM), Journalism & Mass Communication, Event Management, Fashion Designing, Fine Arts.

### 4. നൈപുണ്യ അധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ(Short-Term Courses)

Digital Marketing, Data Entry, Animation, Web Designing, Aviation & Hospitality Management, Shipping & Logistics.